## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4265 19/10/2011-ൽ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന മാനദണ്ഡങ്ങൾ പ്രകാരമുള്ള പദ്ധതിയിൽ ഉൾപ്പെടാത്ത സംസ്ഥാന സർക്കാരിന്റെ ലിസ്റ്റിലുള്ള ദരിദ്ര കുടുംബങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി. പദ്ധതി പ്രകാരം സ്മാർട്ട് കാർഡ് കൈവശമുള്ള ഒരു കുടുംബത്തിന് (പരമാവധി 5 അംഗങ്ങൾക്ക്) ഒരു വർഷം 30,000/- രൂപയുടെ ചികിത്സാ സഹായം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി ലഭിക്കും. ഇതിന് അനുബന്ധമായി നടപ്പാക്കിവരുന്ന ചിസ്-പ്ലസ് പദ്ധതി പ്രകാരം ക്യാൻസർ, ഹൃദയം, കിഡ്നി മുതലായ ആന്തരാവയവങ്ങൾക്ക് ഉണ്ടാകുന്ന മാരക രോഗങ്ങൾ സർക്കാർ മെഡിക്കൽ കോളേജുകൾ ജില്ലാ ആശുപത്രികൾ എന്നിവ മുഖേന പരമാവധി 70,000/- രൂപയുടെ അധിക ചികിത്സാ സഹായവും ബി.പി.എൽ. വിഭാഗത്തിന് ലഭിക്കും. ആർ.എസ്.ബി.വൈ. പദ്ധതിയിലെ അംഗങ്ങായ കുടുംബത്തിലെ നാഥൻ/നാഥ അവരുടെ ഭർത്താവ്/ഭാര്യ എന്നിവർക്ക് അപകടമരണം സംഭവിച്ചാൽ 2 ലക്ഷം രൂപയും ഗുരുതരമായ തീപ്പൊള്ളലേറ്റാൽ 50,000/- രൂപ വരെയും നഷ്ടപരിഹാരമായി ലഭിക്കും. |

| | |
|---|---|
| (സി) ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് സർക്കാരിൽ നിന്ന് തുക ലഭിക്കാത്തതു കാരണം വിദഗ്ദ്ധ ചികിത്സ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ അപ്രകാരം സാഹചര്യമുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ; | (സി & ഡി) ഇല്ല. |
| (ഇ) ഈ വർഷം ഈ പദ്ധതിക്ക് നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഇ) ആർ.എസ്.ബി.വൈ. പദ്ധതിക്ക് സംസ്ഥാന വിഹിതമായി 10 കോടി രൂപയും ചിസ്, ചിസ് പ്ലസ് പദ്ധതികൾക്കായി 150 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (എഫ്) സാധാരണക്കാർക്കും തൊഴിലാളികൾക്കും ബി.പി.എൽ. വിഭാഗക്കാർക്കും ഏറെ ഗുണകരമായ ഈ പദ്ധതി കാര്യക്ഷമമായി നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) പദ്ധതി കാര്യക്ഷമമായാണ് പ്രവർത്തിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ